(*d*) who constructed the present bridge;
(*e*) have Government given any contribution for the same;
(*f*) what is the amount of contribution given, if any?

Mr. Parambi Lonappen *(Minister for Rural Development)*:
(*a*) Yes; on 2nd November 1945.
(*b*) Yes.
(*c*) A temporary foot bridge with Arecanut stumps and Karingali bamboos with necessary handrailings.
(*d*) Puthur Panchayat.
(*e*) Yes.
(*f*) Rs. 60.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: മരംകൊണ്ടുള്ള ഒരു പാലം അവിടെ ഇടാൻ ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആ പാലത്തിന്മേൽ കൂടി കന്നുകാലികളെകൊണ്ടു പോകാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ചുമടെടുത്തു് വരുന്ന ആളുകൾക്കു അതിന്മേൽകൂടി പോകാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചുമടുംകൊണ്ടുപോകുന്നവക്കു അതിന്മേൽ കൂടിപോകാൻ സാധിക്കും എന്നാണു് എന്റെ വിശ്വാസം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആളുകൾ കൃഷിനടത്തുന്നതു് പാലത്തിനപ്പുറത്താണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ എന്നാണു് എന്റെ അറിവു്.

BUS STAND—KOZHINJAMPARA

592. മിസ്റ്റർ ആർ. എസ്സ്. തേവണ്ണകൈമൾ: താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

കൊഴിഞ്ഞാമ്പാറയിൽ കോയമ്പത്തൂർ, പൊള്ളാച്ചി, പൂർ, പാലക്കാടു്, തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിൽനിന്നു് ബസ്സുവഴിയായി വരുന്ന യാത്രക്കാരുടെ സൌകര്യത്തിനായി ഒരു ബസ്സു് സ്റ്റാൻറു് ആവശ്യമാണെന്നു് ഗവൺമെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

GOVERNMENT OFFICERS—HALT DURING CAMPS

593. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) അധികാരപ്പെട്ട ഗവൺമെണ്ടുദ്യോഗസ്ഥന്മാർ ഉൾനാടുകളിൽ സക്കീട്ടു പോയാൽ എവിടെയാണു് പാർക്കേ പതിവു്;

(ബി) അടുത്ത മാസത്തിൽ ഗോമതിയിൽ ഗവൺമെണ്ടിന്റെ ശ്രദ്ധക്കു് എന്ന തലക്കെട്ടിൽ മി. ടി. സി. ഗോപാലൻ എഴുതിയിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടുകയുണ്ടായിട്ടുണ്ടോ;

(സി) ആ ഗോമതിയുടെ ഒരു പ്രതി മേശപ്പുറത്തു വെയ്ക്കുമോ;

(ഡി) ലേഖനത്തിൽ പറയുന്ന "കഴിഞ്ഞായ്യയിൽ" ഗവൺമെണ്ടു് ബോട്ടജെട്ടിയിൽ വന്നിറങ്ങി പള്ളിപ്പുറം വില്ലേജിലെ "നാട്ടുപ്രമാണി"യുടെ പാതിരാത്രിവരെയുള്ള ഡിന്നറിൽ പങ്കുകൊള്ളുവാൻ ഭാഗ്യം സിദ്ധിച്ച നെല്ലെടുപ്പുദ്യോഗസ്ഥനും കൂടെയുണ്ടായിരുന്ന വേറെ രണ്ടുമൂന്നുദ്യോഗസ്ഥന്മാരും ആർ;

(ഇ) അധികാരപ്പെട്ട ഉദ്യോഗസ്ഥന്മാരെ സല്ക്കരിക്കുവാൻ തയ്യാറെടുത്തിരിക്കുന്ന പള്ളിപ്പുറം വില്ലേജിലെ ആ നാട്ടുപ്രമാണി ആർ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ആ നാട്ടപ്രമാണി ഉൾപ്പെട്ട കേസ്സനേഷിക്കാൻ ടിയാന്റെ വീട്ടിൽ താവ ളം അടിച്ചു വിടവേസമുള്ളമായ സല്ക്കാരാദികളം സ്വീകരിച്ചു പോലീസുദ്യോഗസ്ഥന്മാർ ആർ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) സർക്കാർ സ്ഥലങ്ങളം ഉണ്ടെങ്കിൽ അവിടെയൊ അല്ലെങ്കിൽ സൌകര്യമുള്ള പരിചയക്കാരുടെ ഭവനങ്ങളിലൊ.

(ബി) ഉണ്ട്.

(സി) ആ ഗോമതിയുടെ ഒരു പ്രതി മേശപ്പുറത്തു വെച്ചിട്ടുണ്ട്.

(ഡി) ലേഖനത്തിൽ പറഞ്ഞവിധം നെല്ലെടുപ്പുദ്യോഗസ്ഥനേയൊ മറവദ്യോഗസ്ഥന്മാരേയൊ യാതൊരാളും സല്ക്കരിച്ചിട്ടില്ല.

(ഇ) ഗവണ്മെണ്ടിനു അറിയുകയില്ല.

(എഫ്) പോലീസുദ്യോഗസ്ഥന്മാരാരും ലേഖനത്തിൽ പറയുന്നവിധം സല്ക്കാരങ്ങളം സ്വീകരിച്ചിട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർക്കാർ ഉദ്യോഗസ്ഥന്മാർക്കു താമസിക്കാനായി കൊച്ചിരാജ്യത്തു് ഏതെല്ലാം സ്ഥലങ്ങളാണുള്ളതു്?

മിസ്റ്റർ ബി. വി കെ. മേനോൻ: ഓരോസ്ഥലങ്ങളിൽ സ്റ്റാഫ് കോട്ടേഴ്സ്, ഗസ്റ്റ് ഹൌസ് ഇങ്ങിനെ പലസ്ഥാപനങ്ങളുമുണ്ടു്. അതെത്രയാണെന്നു തീച്ചപറയാൻ സാദ്ധ്യമല്ല. കൃത്യമായി പറയണമെങ്കിൽ നോട്ടീസുവേണം. ഇങ്ങനെയുള്ള സ്ഥാപനങ്ങളില്ലാത്തിടത്തു് പരിചയക്കാരാരെങ്കിലുമുണ്ടെങ്കിൽ അവരുമൊന്നിച്ചു താമസിക്കും.

മിസ്റ്റർ കെ. ഐ. വേലായുധൻ: പോലീസുദ്യോഗസ്ഥന്മാരാരെങ്കിലും ഏതെങ്കിലും കേസനേഷണത്തിനുപോയിട്ടു് അയാളുടെ പരിചയക്കാരന്റെ വീട്ടിൽ താമസിക്കുകയും, ആ പരിചയക്കാരൻ ആ കേസ്സിലെ വാദിയൊ, പ്രതിയൊ ആയിരിക്കുകയും ചെയ്താൽ ആ കേസ്സിനെ സംബന്ധിച്ചിടത്തോളം എന്തൊരുനിലയായിരിക്കും ഉണ്ടായിരിക്കുക?

മിസ്റ്റർ ബി. വി. കെ. മേനോൻ: അങ്ങിനെ ആരും ചെയ്തിട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: പോലീസുദ്യോഗസ്ഥന്മാക്ക് അങ്ങിനെ പരിചയക്കാരുടെ വീട്ടിൽ താമസിക്കാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഉദ്യോഗസ്ഥന്മാക്കു താമസിക്കാമോ എന്നു ചോദിച്ചാൽ താമസിക്കാൻ പാടില്ല എന്നു രുളില്ല സ്റ്റാൻറിംഗ് ഓർഡർപ്രകാരം സർക്കാരുദ്യോഗസ്ഥന്മാർ വേറൊരാൾക്കു കടപ്പെട്ടവരാകരുതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: പരിചയക്കാരുടെ വീട്ടിൽ താമസിച്ചാൽ അതു കടപ്പാടാകുമോ?

മിസ്റ്റർ ബി. വി. കെ മേനോൻ: അങ്ങിനെ ആകുമെന്നുപറയാൻ എനിക്കുസാദ്ധ്യമല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഗോമതിയിലെ ലേഖനത്തിൽ പറയുന്നപ്രകാരം വിടവേസമുള്ളമായ സല്ക്കാരം സ്വീകരിച്ചില്ലെ?

മിസ്റ്റർ ബി. വി. കെ മേനോൻ: പറവൂരിൽവെച്ചുണ്ടായ ഫ്രാണ്ടിയർ കോൺഫറൻസിൽ പങ്കുകൊണ്ടശേഷം പോലീസുദ്യോഗസ്ഥന്മാർ മടങ്ങിപ്പോന്ന എന്നാണ് ഞാനറിയുന്നതു്.

മിസ്റ്റർ കെ. ഐ വേലായുധൻ: അതിനെപ്പറ്റി അനേഷണം നടത്തീട്ടാണൊ ഇപ്പോൾ പറയുന്നതു?

മിസ്റ്റർ ബി. വി കെ. മേനോൻ: അനേഷിച്ചിട്ടുതന്നെയാണ് പറയുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: കേസനേഷണം നടത്തുന്നതിനു നാട്ടപ്രമാണിയുടെ വീട്ടിൽപോയിട്ടുണ്ടൊ?

മിസ്റ്റർ ബി. വി കെ. മേനോൻ: എത്രയോ നാട്ടപ്രമാണികളുണ്ടു്. അവരുടെ ആരുടെയെങ്കിലും അടുക്കൽപോയൊ എന്നെനിക്കറിവില്ല. പറവൂർവെച്ചു നടന്നകോൺഫറൻസുകഴിഞ്ഞു് പോലീസുദ്യോഗസ്ഥന്മാർ അതിലെ മടങ്ങിപ്പോന്ന എന്നാണു് ഞാനറിയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ലേഖനത്തിൽ, കേസ്സനേഷണത്തിനുപോയ പോലീസുദ്യോഗസ്ഥന്മാർ എന്നല്ലേപറഞ്ഞിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ബി. വി. കെ. മേനോൻ: ആ കടലാസ്സിന്റെ ഒരു പ്രതി മേശപ്പുറത്തുവെച്ചിട്ടുണ്ട്. അതുവായിച്ചുനോക്കാമല്ലൊ.

മിസ്റ്റർ പി. കെ. ഡീവർ: അതിൽപറയുന്ന ആക്ഷേപങ്ങൾ വാസ്തവമല്ലെങ്കിൽ, ഉദ്യോഗസ്ഥന്മാരുടെ പേരിൽ, അവക്കപമാനകരമായതും അവരെപറ്റി പല തെറ്റിദ്ധാരണകളുണ്ടാക്കുന്നതുമായ ഈ മാതിരി പ്രസ്താവനകൾ ചെയ്തിട്ടുള്ള പത്രക്കാരുടേയോ, ലേഖകന്റെയൊ പേരിൽ വല്ല നടപടിയുമെടുത്തിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ഈ കാര്യത്തിൽ അങ്ങിനെയൊരു നടപടിയുമെടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: ലേഖനത്തിലെ ആക്ഷേപങ്ങൾ ശരിയാണെന്നു തെളിയും എന്നഭയംകൊണ്ടാണോ നടപടി എടുക്കാത്തതു?

മിസ്റ്റർ ബി. വി കെ. മേനോൻ: അല്ല.

മിസ്റ്റർ ജോസ് കെ. വറഗീസ്: ഉദ്യോഗസ്ഥന്മാരുടെയും, പൊതുജനങ്ങളുടേയും പേരിൽ അക്രമപരമായും, അനാവശ്യമായും പത്രക്കാർ ലേഖനമെഴുതുകയാണെങ്കിൽ ഗവമ്മെണ്ടു വല്ല നടപടികളും നടത്തുന്നതാണോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ജനറലായിട്ടുള്ള ഈ വക കാര്യങ്ങളെപ്പറ്റി ഡിസ്ക്കസ് ചെയ്യാൻ ഒരു കമ്മറ്റിയുണ്ട്. അതിൽവെച്ചു ഈ വക കാര്യങ്ങളെ പത്രക്കാരെ പറഞ്ഞു മനസ്സിലാക്കി അതിനു പരിഹാരമുണ്ടാക്കാൻ നോക്കും അതല്ല, അന്യായമാണെന്നു തോന്നിയാൽ, ഗവമ്മെണ്ടു് അതിൽ കൂടുതൽ ആക്ഷൻ എടുക്കും.

മിസ്റ്റർ പി. കെ. ഡീവർ: ലേഖനത്തിൽ പറയുന്നതു ശരിയാണെന്നു വന്നാൽ തക്കതായ നടപടിയെടുക്കുമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: തീച്ചയായും നടപടിയെടുക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സൽക്കാരം കൊടുത്തു എന്നു പറഞ്ഞല്ലൊ, അയാൾ എതെങ്കിലും കേസ്സിൽ അന്യായക്കാരനാണോ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു പറഞ്ഞു സൽക്കാരം കൊടുത്തു എന്നു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ ലേഖനമെഴുതിയ ആളോടു് ആരാണു് നാട്ടുപ്രമാണി എന്നാന്വേഷിക്കുകയുണ്ടായോ?

മിസ്റ്റർ ബി വി. കെ. മേനോൻ: ഇല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതിനു മുമതല ഇല്ലേ?

മിസ്റ്റർ ബി. വി. കെ. മേനോൻ: മുമതലയില്ല. എത്രയോ കടലാസുകളുണ്ടു്, അതിലെല്ലാം ഗവമ്മെണ്ടുദ്യോഗസ്ഥന്മാരെപ്പറ്റി തെറ്റായി എഴുതുന്ന ലേഖനങ്ങൾ കണ്ടുപിടിച്ചു ആക്ഷൻ എടുക്കാൻ നിവൃത്തിയില്ല, അതിനു സമയമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തെറ്റായോ, ശരിയായോ വിമർശനം നടത്തുന്ന ഈ വക കാര്യങ്ങളെ കാൺടഡിക്ട് ചെയ്യേണ്ടതു് ഗവമ്മെണ്ടിന്റെ മുമതലയല്ലേ?

മിസ്റ്റർ ബി വി. കെ. മേനോൻ: കാൺടഡിക്ട് ചെയ്യണ്ടതാണെങ്കിൽ അതു കാൺടഡിക്ട് ചെയ്യും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവമ്മെണ്ടിനു് ആക്ഷേപകരമായ സംഗതികളെഴുതുന്ന പത്രക്കാരുടെ പേരിൽ വല്ല നടപടിയുമെടുക്കാറുണ്ടോ?

Mr. President: Order, order.

ARTICLES FOR ONAM—OFFICERS DEPUTED TO PURCHASE THEM

594. മിസ്റ്റർ പി. കെ. പോൾ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ,—

(എ) ഓണക്കാലത്തു ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനുവിധം ടി സാധനങ്ങൾ വാങ്ങുവാൻ കോയമ്പത്തൂർ മുതലായ പ്രദേശങ്ങളിലേക്കു നിയമിതനായിരുന്ന ഉദ്യോഗസ്ഥൻ (Purchasing Officer) ആരാണെന്നുള്ള വിവരം പറയുമോ;

(ബി) ശർക്കര മുതലായ പദാർത്ഥങ്ങൾ ഓണക്കാലത്തു വളരെ ദുർല്ലഭമായി മാത്രമേ ജനങ്ങൾക്കു ലഭിച്ചിരുന്നുള്ളുവെന്ന വിവരം ഗവമ്മെണ്ടു ധരിക്കുവാൻ ഇടയായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly